കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ. എസ്. എ. ടി.എസ് ആർ. (പി4.)1000/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ. ടി.എസ് ആർ. തീയ്യതി: 03/07/2022
(പി4.)1000/2022.

തൃശ്ശൂർ ജില്ലയിലെ എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സതീശൻ എൻ.	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	14-06-2022	17-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-06-2022	17-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ബേബി.പി.വി., ഓഡിറ്റ് ഓഫീസർ
2) ജോമോൻ ഇ.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) സുമ വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ബിന്ദു സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
5) അനീറ്റ ഡൊമിനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജ്യോതിലാൽ.പി.എൻ.	പ്രസിഡന്റ്	01-04-2019	31-03-2020
ഷീല.വി.ആർ	സെക്രട്ടറി	01-04-2019	30-06-2019
പിഡി.പരമേശ്വരൻ	സെക്രട്ടറി	01-07-2019	14-07-2019
വി.എ ഉണ്ണികൃഷ്ണൻ	സെക്രട്ടറി	15-07-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
റംലത്ത്.വി.കെ.	അസി.സെക്രട്ടറി	01-04-2019	25-07-2019
പീതാംബരൻ.ഐ.പി	അസി.സെക്രട്ടറി	26-07-2019	09-08-2019
പി.ഡി.പരമേശ്വരൻ	അസി.സെക്രട്ടറി	10-08-2019	31-03-2020
അനൂപ് വിജയ്	കൃഷി ഓഫീസർ	01-04-2019	15-09-2020
പി.റ്റി സന്തോഷ്	വെറ്റിനറി സർജൻ	01-04-2019	31-03-2020
ഡോ. പ്രീതി എം.പി.	മെടിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	31-03-2020
ജീജ ഭായ്	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2019	31-05-2019
അൻസ അബ്രഹാം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-06-2019	31-03-2020
അൻസിൽ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2019	25-11-2019
സന്തോഷ്	ഫിഷറീസ് ഇൻസ്പെക്ടർ	26-11-2019	31-03-2020
ഷൈനി ബേബി	അസി എഞ്ചിനീയർ	01-04-2019	10-04-2019
ആശ കെ.എസ്	അസി എഞ്ചിനീയർ	11-04-2019	05-08-2019
മേരി ജോൺ	അസി എഞ്ചിനീയർ	06-08-2019	31-03-2020
സുമ യു.വി.	ഹെഡ് മിസ്ട്രസ്സ്	01-04-2019	31-03-2020
സ്മൃതി വാസുദേവൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2019	31-03-2020
അരുൺ വിജയ്	വി.ഇ.ഒ ഗ്രേഡ് 1 (ഏങ്ങണ്ടിയൂർ)	01-04-2019	31-03-2020
വൽസല	വി.ഇ.ഒ ഗ്രേഡ് 2 (കുണ്ടലിയൂർ)	01-04-2019	31-03-2020
ഡോ.ജയജ്	മെഡിക്കൽ ഓഫീസർ	01-04-2019	31-03-2020

	പി.എച്ച്.സി		
ഡോ.ബിജു മോഹൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2019	31-03-2020
ഡോ.പ്രീതി എം.പി.	മെടിക്കൽ ഓഫീസർ (ആയുർവേദം)	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: P.V.Baby (Audit Officer, On 15-06-2022) Last Updated By: P.V.Baby (Audit Officer, On 19-06-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Anita Dominic (Auditor, On 15-06-2022) Last Updated By: P.V.Baby (Audit Officer, On 19-06-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Anita Dominic (Auditor, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 29-06-2022)	1-3
4	ഫണ്ട് വിനിയോഗം Written By: Anita Dominic (Auditor, On 15-06-2022) Last Updated By: P.V.Baby (Audit Officer, On 19-06-2022)	1-4
5	പദ്ധതി അവലോകനം Written By: P.V.Baby (Audit Officer, On 15-06-2022) Last Updated By: P.V.Baby (Audit Officer, On 19-06-2022)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: Jomon E K (Asst. Audit Officer, On 23-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-6
7	ക്ഷേമപെൻഷനുകൾ സംബന്ധിച്ച് Written By: Anita Dominic (Auditor, On 23-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-7
8	ക്യാഷ് പരിശോധന Written By: Anita Dominic (Auditor, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം. Written By: P.V.Baby (Audit Officer, On 18-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: P.V.Baby (Audit Officer, On 15-06-2022) Last Updated By: P.V.Baby (Audit Officer, On 19-06-2022)	1-10
11	അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-11
12	വസ്തു നികുതി-റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-12
13	വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-13
14	ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-14
15	വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല	1-15

	Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	
16	വസ്തുനികതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-16
17	വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-17
18	വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ -സാങ്കല്പിക വർദ്ധനവ് വരുത്തിയത് അംഗീകരിക്കുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-18
19	സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-19
20	രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-20
21	രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-21
22	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-22
23	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-23
24	ഡെപ്പോസിറ്റ് രജിസ്റ്റർ - സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-24
25	ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകളില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-25
26	ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-26
27	Movable Assets (Others) - ആസ്തിക്ക് ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Anita Dominic (Auditor, On 22-06-2022)	1-27
28	ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-28
29	Capital Work In Progress -തുക കൃത്യമല്ല Written By: Anita Dominic (Auditor, On 22-06-2022) Last Updated By: Bindu C V (Senior Grade Auditor, On 24-06-2022)	1-29
30	തൊഴിൽ നികുതി - അപാകങ്ങൾ Written By: Bindu C V (Senior Grade Auditor, On 23-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-30
31	സഞ്ചയ സോഫ്റ്റ്‌വെയർ - ന്യൂ ബിൽഡിംഗ് റിപ്പോർട്ട് പൂർണ്ണമല്ല Written By: Bindu C V (Senior Grade Auditor, On 23-06-2022) Last Updated By: Bindu C V (Senior Grade Auditor, On 24-06-2022)	1-31
32	ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തീകരിച്ചിട്ടില്ല Written By: Bindu C V (Senior Grade Auditor, On 23-06-2022) Last Updated By: Bindu C V (Senior Grade Auditor, On 24-06-2022)	1-32

33	ബാലസഭ പ്രവർത്തനങ്ങൾ -ചെലവഴിക്കാത്ത തുക തിരികെ അടവാക്കേണ്ടതാണ് Written By: Bindu C V (Senior Grade Auditor, On 23-06-2022) Last Updated By: Bindu C V (Senior Grade Auditor, On 24-06-2022)	1-33
34	2018-19 സാമ്പത്തിക വർഷം അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലതുക പ്രാദേശിക സർക്കാർ വിഹിതം അടവാക്കിയില്ല-തൻ വർഷത്തെ വികസനഫണ്ടിൽ നിന്നും തുക നഷ്ടമായി. Written By: Suma V.K (Senior Grade Auditor, On 19-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-34
35	SSA വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. Written By: P.V.Baby (Audit Officer, On 18-06-2022) Last Updated By: P.V.Baby (Audit Officer, On 18-06-2022)	1-35
36	കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല. Written By: P.V.Baby (Audit Officer, On 18-06-2022) Last Updated By: P.V.Baby (Audit Officer, On 18-06-2022)	1-36
37	ശ്മശാനം സൗന്ദര്യവല്ക്കരണം - പൂർത്തീകരണം അനന്തമായി നീളുന്നു. Written By: P.V.Baby (Audit Officer, On 18-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-37
38	ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല Written By: Jomon E K (Asst. Audit Officer, On 22-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-38
39	തൊഴിലുറപ്പ് പദ്ധതി Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-39
40	ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം . Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-40
41	ലോഗ് ബുക്ക് പരിപാലനം-അപാകതകൾ Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Anita Dominic (Auditor, On 23-06-2022)	1-41
42	എ.ബി.സി.പ്രോഗ്രാമിന് തുക കൈമാറൽ-പദ്ധതി പൂർത്തീകരിച്ചില്ല Written By: Suma V.K (Senior Grade Auditor, On 23-06-2022) Last Updated By: Suma V.K (Senior Grade Auditor, On 23-06-2022)	1-42
43	കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി -കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയ രേഖകൾ സൂക്ഷിച്ചിട്ടില്ല. Written By: Suma V.K (Senior Grade Auditor, On 23-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	1-43
44	ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് Written By: Anita Dominic (Auditor, On 24-06-2022) Last Updated By: Anita Dominic (Auditor, On 24-06-2022)	1-44
45	ക്യാഷ്ബുക്ക് നീക്കിയിരിപ്പ് ഡേ ബുക്കിലെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു Written By: Anita Dominic (Auditor, On 28-06-2022) Last Updated By: Anita Dominic (Auditor, On 03-07-2022)	1-45
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		

ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 15-06-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 15-06-2022)	4-3
4	സ്ഥിര നിക്ഷേപം Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 03-07-2022)	4-6
7	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 15-06-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 03-07-2022)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 02-07-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Jomon E K (Asst. Audit Officer, On 15-06-2022) Last Updated By: Jomon E K (Asst. Audit Officer, On 15-06-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
07.02.2019	1(1)	159385793	158428993

റിവൈസ്ഡ് ബജറ്റ്

പാസാക്കിയ തിയതി	കമ്മിറ്റി തീരുമാനം നമ്പർ	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
25.03.2020	1(1)	136182778	136212457

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2020	30-07-2020

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	9593382
വരവ്	42992152
ആകെ	52585534
ചെലവ്	43166924
നീക്കിയിരിപ്പ്	9418610

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി.	വരവ്	ആകെ	ചെലവ്	സി.ബി.
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	15184695	15184695	8190967	6993728
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	1846882	1846882	1658604	188278
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	101000	101000	12000	89000
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	5976000	5976000	3009726	2966274
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	3453000	3453000	2597978	855022
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	8315050	8315050	2489210	5825840
ദുരിതാശ്വാസ നിധി	28110	1135	29245	30	29215

1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചതിന്റെ ശതമാനം
156	71872027	42	24979421	72	42	34.8

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	630.5	1112486	1113116.5	1113116	0.5

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് +മെറ്റിരീയൽ കോസ്റ്റ്	0	22831246	22831246	22831246	0

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	-	-
കർഷകതൊഴിലാളി പെൻഷൻ	1390800	231
വിധവാ പെൻഷൻ	7102200	1208
വാർദ്ധക്യകാലപെൻഷൻ	10534200	2025
വികലാംഗ പെൻഷൻ	1593400	277
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	507600	88

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2022 തീയതിയിൽ 3.30 PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23200/- രൂപ ക്യാഷ് ബാലൻസും ഡേ ബുക്കിലെ തുകയും ഒന്നു തന്നെയെന്ന് ബോധ്യപ്പെട്ടു.
എന്നാൽ ക്യാഷ് ബുക്കിലെ തുക ഡേ ബുക്കിലെ തുകയിൽ നിന്ന് വ്യതാസപ്പെട്ടിരുന്നു. ക്യാഷ് ബുക്കിലെ തുക വ്യത്യാസം സംബന്ധിച്ച് ഖണ്ഡിക 1-45ൽ പരാമർശിച്ചിട്ടുണ്ട്.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ഗ്രാമ പഞ്ചായത്തിൽ രജിസ്റ്ററുകളും വൗച്ചറുകളും ഏറെ കുറെ കൃത്യമായി പരിപാലിക്കുന്നുണ്ട്.ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ഫ്രണ്ട് ഓഫീസ് ഡയറി പരിപാലിച്ചിട്ടില്ല.കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ തുലോം കുറവായി കാണപ്പെട്ടു. പദ്ധതികളിൽ വേണ്ടവിധം മോണിട്ടറിംഗ് നടത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. മത്സരാധിഷ്ഠിത ടെണ്ടർ നടപടിക്രമങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.നിർവ്വഹണ ഉദ്യോഗസ്ഥരിൽ പലരും TR.7A കാഷ് ബുക്ക് പരിപാലിക്കുന്നില്ല.(ഉദാ. അസി.എഞ്ചിനിയർ. എച്ച്.എം എന്നിവർ) ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.05.2022	ജനുവരി 2022 മുതൽ മാർച്ച് 2022	-
അക്കൗണ്ടന്റ് ജനറൽ	1.01.2021 മുതൽ 23.01.2021	2015-16 മുതൽ 2019-20	-

1-11 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

1-12 വസ്തു നികുതി-റെസിഡൻഷ്യൽ (തൻവർഷം) - വാർഷികകണക്കുകളും ഡിസിബി

രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	2287851	2269044	23626	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2287851	2265192	27478	*0
	(ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(.../105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

1. കളക്ഷൻ, ക്രമീകരിച്ച മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം

വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-13 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ (തൻവർഷം)- വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1842120	1762907	30846	53665
100%വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1842120	1762161	30846	*53687
	(ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(56371/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

1.കളക്ഷൻ ക്രമീകരിച്ച മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ

നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-14 ലൈബ്രറി സെസ്സ് - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

.		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻവർഷം	കുടിശ്ശിക	ആകെ	തൻവർഷം	കുടിശ്ശിക	ആകെ			തൻവർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	റെസിഡൻഷ്യൽ	116551	0	116551	115315	0	115315	1361		0	0	0
	നോൺ-റെസിഡൻഷ്യൽ	93360	0	93360	88817	0	88817	1593		2706	0	2730
	ആകെ			209911			204132	2954		2730		
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം		209911			204132				207205	2706		
		0+209911=(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies.. ലെഡ്ജർ 2019-20)			(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്))				(431910101 -State Govt . Cess/levies. ലെഡ്ജർ 2019-20)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

1."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരംവും 204132രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല .മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ തുകയല്ല, മറിച്ച് , 207205/- രൂപയാണ്.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 56371 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 2684 (56371 /105x5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 2706 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-15 വസ്തുനികുതി മുൻകൂർ - വാർഷികകണക്കും ഡിസിബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	221862	221330

1-16 വസ്തുനികുതി - കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20വർഷത്തിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ 188 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള

ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-17 വരവ് രജിസ്റ്ററുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. മറിച്ച് വാർഷികകണക്കിലെ വിവിധ പത്രികകളിലെ വർഷാന്ത്യ തുകകൾ പ്രിന്റ് എടുത്ത് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. 2019-20 വർഷത്തെ ലേലരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-18 വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ -സാങ്കല്പിക വർദ്ധനവ് വരുത്തിയത് അംഗീകരിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ 405 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

ജേണൽ വൌച്ചർ	തീയ്യതി	തുക
41900202	31.03.2020	405

1-19 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-20 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18)	31/3/2020ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income -Property Tax On Residential Buildings	857
280100102-Prior Period Income-Profession Tax-Institutions/Professionals/Traders	(150)
280100104-Prior Period Income-Property Tax On Non Residential Buildings	(34151)

280200401-Prior Period Income- Other Incomes	306235
280800201- Prior Period –Administrative Expenses	(150529)
280800301-Prior Period- Operations And Maintenance Expenses	106428

1-21 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്കിഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-23 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (174772) രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3517083/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-24 ഡെപ്പോസിറ്റ് രജിസ്റ്റർ - സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-25 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകളില്ല

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 2927192/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-26 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തിക്ക് 103550/- രൂപയും Movable Assets-Office Equipments & Other Equipments എന്ന് ആസ്തിക്ക് 530154/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2020 ലെ Accumulated Depreciation യഥാക്രമം 650276/-, 751047/-രൂപയുമാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക വരും വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-27 Movable Assets (Others) - ആസ്തിക്ക് ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല

ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തിക്ക് (Land ഒഴികെ)ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

ക്ര.ന	ആസ്തി -ശീർഷകം	31/3/2020 ലെ മൂല്യം
1	Movable Assets (Others)	936210

1-28 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് മൂല്യം 0 ആണ്. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിന്റെ മൂല്യം കൂടി രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം

58,4(എ)

1-29 Capital Work In Progress -തുക കൃത്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1235126 രൂപയാണ്. എന്നാൽ 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 761971 രൂപ യാണ്.

1-30 തൊഴിൽ നികുതി - അപാകങ്ങൾ

I) കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം പ്രവൃത്തിയെടുത്ത താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I) സി.വി രാജേഷ്

Ii) എ.കെ. കാർത്തികേയൻ

Iii)പി.ആർ. സുരേഷ് ബാബു

Iv)എം.എസ് കൃഷ്ണദാസ്

V)കാസിം പി.എ

II) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I)ഏങ്ങണ്ടിയൂർ ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് പൊക്കളങ്ങര, ചന്തപ്പടി, ഏത്തായ്, ചേറ്റുവ, ആശാൻ റോഡ് വെസ്റ്റ് എന്നിവിടങ്ങളിലായി പഞ്ചായത്തിൽ 5 ബ്രാഞ്ചുകളുണ്ടെങ്കിലും ഹെഡ് ഓഫീസിൽ നിന്നുമാണ് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

Ii)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സൗപർണ്ണിക ഓഡിറ്റോറിയം, സൗപർണ്ണിക മിനി ഓഡിറ്റോറിയം, ഷാ ഇന്റർ നാഷണൽ ഓഡിറ്റോറിയം, ശ്രീനാരായണ ഹാൾ, ഭവൻസ് മിനി ഓഡിറ്റോറിയം എന്നിവിടങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

Iii)പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 7 കള്ള് ഷാപ്പുകൾ (പൊക്കളങ്ങര, ചന്തപ്പടി, ഏത്തായ്, ആയിരം കണ്ണി, പുളിക്കകടവ്, ചേറ്റുവ, ബംഗ്ലാകടവ്) ഒരു ബാർ (ചാന്ദ്വി റീജൻസി) എന്നിവിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

Iv)പഞ്ചായത്തിലുള്ള 11 റേഷൻ കടകളിൽ നിന്നും ഒരു പെട്രോൾ പമ്പിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കള്ള് ഷാപ്പുകൾ, ബാറുകൾ എന്നിവിടങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നും, കരാറുകാരിൽ നിന്നും 2022-23 മുതൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.18/16.06.2022) മറുപടിയിൽ അറിയിച്ചിരിക്കുന്നത്. 2019-20 വർഷത്തിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്മെന്റ് രജിസ്റ്റർ 1996ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 5 ലെ മാതൃകയിൽ സൂക്ഷിക്കേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-31 സഞ്ചയ സോഫ്റ്റ്‌വെയർ - ന്യൂ ബിൽഡിംഗ് റിപ്പോർട്ട് പൂർണ്ണമല്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭിച്ച ന്യൂ ബിൽഡിംഗ് റിപ്പോർട്ടിൽ 2019-20 വർഷത്തിൽ നമ്പർ അനുവദിച്ചിരിക്കുന്നത് 198 കെട്ടിടങ്ങൾക്കാണ്. എന്നാൽ ഈ കണക്ക് പൂർണ്ണമല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

A3-5861/2019 എന്ന ഫയൽ പ്രകാരം ശ്രീ. രാജേഷ് നായരുശ്ശേരി എന്നവരുടെ പേരിൽ 7-ാം വാർഡിൽ 366 A മുതൽ 366 J വരെ 10 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ റിപ്പോർട്ട് പ്രകാരം ക്രമ നമ്പർ 121 മുതൽ 124 വരെയായി 366 A, 366 D, 366 E, 366 J എന്നീ കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമെ ലഭ്യമാകുന്നുള്ളൂ. ആയതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (25/17.6.22)ക്കുള്ള മറുപടിയിൽ 366 A മുതൽ 366 J വരെയുള്ള 10 കെട്ടിടങ്ങൾക്ക് 2019-20 ആദ്യ പകുതി മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെന്നും തുടർന്ന് 2020-21 രണ്ടാം അർദ്ധ വർഷത്തിൽ 366 B, C, F, G, H, J എന്നീ നമ്പറുകളുള്ള കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ നൽകി ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ടെന്നും ആയതിനാലാവും ടി കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ 2019-20

വർഷത്തെ ന്യൂ ബിൽഡിംഗ് റിപ്പോർട്ടിൽ കാണപ്പെടാത്തത് എന്നും ആയത് സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതയാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ 182 കെട്ടിടങ്ങളുടെ വിവരങ്ങളും സഞ്ചയ റിപ്പോർട്ട് പ്രകാരം 198 കെട്ടിടങ്ങളുടെ വിവരങ്ങളുമാണ് ലഭ്യമായിട്ടുള്ളത്. ഒരു സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്ക് പിന്നീട് മറ്റൊരു വർഷത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചാൽ ടി കെട്ടിടങ്ങളുടെ കണക്ക് തുടർനടപടി സ്വീകരിച്ച വർഷത്തിലേക്ക് മാറുകയും നമ്പർ അനുവദിച്ച വർഷത്തിൽ നിന്നും കുറയുകയും ചെയ്യുന്നുണ്ടെന്നുമാണ് മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. സോഫ്റ്റ്‌വെയറിലെ കണക്കിൽ കൃത്യതയില്ലാത്തതിനാൽ ഇപ്പോഴും രജിസ്റ്റർ സൂക്ഷിക്കേണ്ട അവസ്ഥയാണ് പഞ്ചായത്ത് അധികൃതർക്ക് ഉള്ളത്. പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറണമെങ്കിൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ചേ മതിയാകൂ. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 ലൈഫ് ഭവന പദ്ധതി - വീട് പണി പൂർത്തീകരിച്ചിട്ടില്ല

എങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പേര്	വാർഡ്	സഹായ ധനം അനുവദിച്ചത്
1	ഹംസ	1	30.11. 19 – 3540 30.03.20 - 36460
2	ബേബി അശോകൻ	4	20.03.19 - 40000
3	ബിജിത യുബീഷ്	9	15.2.20 – 40000 20.3.20 – 160000 10.3.21 – 100000 22.3.21 - 50000

ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (13/16.6.22) ക്കുള്ള മറുപടിയിൽ 'നിയമനടപടിക്ക് ശിപാർശ ചെയ്യാവുന്നതാണ് ' എന്നാണ് അറിയിച്ചിട്ടുള്ളത് . വീട് പണി പൂർത്തീകരിക്കാത്ത പക്ഷം നിയമനടപടി സ്വീകരിച്ച് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 ബാലസഭ പ്രവർത്തനങ്ങൾ -ചെലവഴിക്കാത്ത തുക തിരികെ അടവാക്കേണ്ടതാണ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ബാലസഭ പ്രവർത്തനങ്ങൾ ' എന്ന പ്രൊജക്ടിനായി 35000 രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് 9.12.2019 ൽ കൈമാറിയിട്ടുണ്ട്. എന്നാൽ 13915 രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഫയലിൽ ഉണ്ടായിരുന്നുള്ളൂ. ബാക്കി തുകയുടെ ചെലവ് രേഖകൾ ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (22/17.6.22) ക്കുള്ള മറുപടിയിൽ 13915 രൂപ മാത്രമേ യഥാർത്ഥത്തിൽ ചെലവ് വന്നിട്ടുള്ളുവെന്നും ബാക്കി തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കിക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. ബാക്കി 21085 രൂപ പ്ലാൻ ഫണ്ടിൽ തിരിച്ചടവാക്കി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-34 2018-19 സാമ്പത്തിക വർഷം അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലതുക പ്രാദേശിക സർക്കാർ വിഹിതം അടവാക്കിയില്ല-തൻ വർഷത്തെ വികസനഫണ്ടിൽ നിന്നും തുക നഷ്ടമായി.

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാൻ , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ച് കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം -1പ്രകാരം ഏങ്ങണ്ടിയൂർഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹503700/-രൂപയും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം -1പ്രകാരം ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹503700/-രൂപ നിർദ്ദേശിച്ചിരുന്നു. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ നിർദ്ദേശ പ്രകാരം 321624/-രൂപ മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. ആയതിനാൽ 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ച് കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 പ്രകാരം ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ബാക്കി നിൽക്കുന്ന തുകയായ ₹685776/-രൂപ 2019-20

വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തു.

2018-19 സാമ്പത്തിക വർഷത്തിൽ മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാതെ ഗ്രാമപഞ്ചായത്തിന്റെ വികസനാവശ്യത്തിന് 2019-20 ൽ ലഭ്യമാകേണ്ട തുകയിൽ നിന്നും കുറവു ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(നം.9 തീ.16.06.2022).ആയതിന് 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം പദ്ധതി തയ്യാറാക്കാനുണ്ടായ സാങ്കേതിക തടസ്സം മൂലമാണ് മേൽ സാഹചര്യം സംജാതമായതെന്നും 2018-19 വർഷം പൊതുവിഭാഗം ജനറൽ ഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിരുന്നു.

സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം മേൽ പ്രകാരം പദ്ധതി തുക നഷ്ടമാകുന്ന അവസ്ഥകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-35 SSA വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്.

പ്രോജക്ട് നം. S0027/20.(ജനറൽ), S0028/20.(scp)

ട്രഷറി ബിൽ നം.2/2019 -20.dtd. 17.8.19. 200000/ -

ട്രഷറി ബിൽ നം.3/2019 -20. Dtd.17.8.19. 197800/ -

മേൽ തുകകൾ പ്രോജക്ട് കോ- ഡിനേറ്റർ,എസ്.എസ്.കെ.,തൃശ്ശൂർ എന്നവർക്ക് നല്കിയിട്ടുണ്ട്.എന്നാൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എസ്.എസ്.എ.യുടെ എസ്റ്റിമേറ്റ് റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മുകളിൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 397800/ -രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 കാലി ടാർ വീപ്പയുടെ വില ബില്ലിൽ കുറവ് ചെയ്തിട്ടില്ല.

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കാലി ടാർ വീപ്പയുടെ വില കരാറുകാരിൽ നിന്നും ഈടാക്കാതെ മുഴുവൻ തുകയും നല്കിയിട്ടുണ്ട്.കാലി ടാർ വീപ്പയുടെ വില ജി.എസ്,ടി ഉൾപ്പെടെയുള്ള തുക ബില്ലിൽ കുറവ് ചെയ്ത് കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്. പ്രോജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര്/നം.	ട്രഷറി ബിൽ നം. തിയതി. തുക.	കരാറുകാരന്റെ പേര്.
ആയിരം കണ്ണി ടെമ്പിൾ റോഡ് റി - ടാറിംഗ്& സൈഡ് കെട്ടൽ. S0095/19.	13/2019 -20. Dtd.27.8.19. 496117 / -	കാർത്തികേയൻ. C.K.
ഏത്തായ് കോളനി പരിസരം റോഡ് മെറ്റലിംഗ്.& ടാറിംഗ്. S0119/20.	3/19 -20. Dtd.27.8.19. 262848/ -	കാർത്തികേയൻ. C.K.
നാലുമൂലപുളിക്കക്കടവ് റോഡ് പാച്ച് വർക്ക് S0115/20.	4/19 -20. Dtd.27.8.19. 149322/ -	കാർത്തികേയൻ. C.K.
ഫിഷറീസ് സ്കൂൾ റോഡ് റി - ടാറിംഗ്.S0116/20	5/2019 -20. Dtd. 27.8.19. 174384/ -	കാർത്തികേയൻ. C.K.
ചുള്ളിപ്പടിറോഡ് മെറ്റലിംഗ് ടാറിംഗ്& ബാലൻസ് വർക്ക്. S0137/19.	8/2019 -20. Dtd. 27.8.2019. 195227 / -	എം.എസ്. കൃഷ്ണദാസ്
പനയംകുളങ്ങര പുളിക്കക്കടവ് തീരദേശ ലിങ്ക് റോഡ് അഭിവൃദ്ധി പ്പെടുത്തൽ. S0157/19.	9/2019 -20. Dtd.27.8.19. 114854/ -	കാർത്തികേയൻ. C.K.
പനയംകുളങ്ങര ടെമ്പിൾ റോഡ് നിർമ്മാണം. S0106/19	11/2019 -20. Dtd.19.8.19. 1472500/ -	കാർത്തികേയൻ. C.K.
ചന്തപ്പടി റോഡ് റി -ടാറിംഗ്,കാന സ്ലാബ് നിർമ്മാണം. S0110/20.	12/2019 -20. Dtd.27.8.19. 597225/ -	കാർത്തികേയൻ. C.K.
കൊള്ളീസ് എസ്.എൻ റോഡ് റി -ടാറിംഗ്. S0108/20.	13/2019 -20. Dtd.27.8.19. 496117/ -	കാർത്തികേയൻ. C.K.
പരന്തൻമാട് ചിപ്ലിമാട് മെറ്റലിംഗ് & ടാറിംഗ്. S0118/20.	14/19 -20. Dtd.27.8.19. 630747/ -	കാർത്തികേയൻ. C.K.
ചന്ത സരോജിനിപുരം റോഡ് മെയിന്റൻസ്. S0109/20.	16/2019 -20. Dtd. 7.9.19 217245/ -	കാർത്തികേയൻ. C.K.
ചുള്ളിപ്പടി റോഡ് ബാക്കി ഭാഗം റി - ടാറിംഗ്. S0113/20.	18/19 -20. Dtd.7.9.19. 278872/ -	കാർത്തികേയൻ. C.K.
ശങ്കര കൃഷ്ണൻകുട്ടി റോഡ് മെറ്റലിംഗ്,ടാറിംഗ് & ബാലൻസ് പ്രവൃത്തി. S0103/20.	21/2019 -20. Dtd. 21/19 -20.	സുരേഷ് ബാബു.P.R.

	28628/ -	

മുകളിൽ പറഞ്ഞിരിക്കുന്ന റോഡ് പ്രവൃത്തികളിലെ കാലി ടാർ വീപ്പയുടെ വില ബിറ്റുമിന്റെ അളവനുസരിച്ച് എണ്ണം കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-37 ശ്മശാനം സൗന്ദര്യവല്ക്കരണം - പൂർത്തീകരണം അനന്തമായി നീളുന്നു.

2017 -18 വാർഷിക പദ്ധതിയായി (S0142/18) ആരംഭിച്ച മേൽ പദ്ധതി നാളിതുവരെയായിട്ടും പൂർത്തികരിച്ച് കാണുന്നില്ല. സർക്കാർ ഏജൻസിയായ കോസ്റ്റ്ഫോർഡിനെ ഏല്പിച്ച പ്രവൃത്തി ഓരോ വർഷവും റിവൈസ്ഡ് പ്രോജക്ടായി തുടരുന്നു.(S0127/19, S0100/20, S0102/21, S0108/22 എന്നീങ്ങനെ വിവിധ പ്രോജക്ടുകളായി തുടരുന്നു.)കോസ്റ്റ്ഫോർഡ് എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഘട്ടം2410000/ രൂപയും രണ്ടാംഘട്ടം 1130000/ - ഉൾപ്പെടെ മൊത്തം 38ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. 01/AE/LSGD/EGYR/2017 -18 തിയ്യതി 13-10-2017 പ്രകാരം കോസ്റ്റ്ഫോർഡുമായി കരാർ വെച്ചിട്ടുള്ളതാണ്.മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 482000/ -രൂപ കോസ്റ്റ്ഫോർഡിന് നല്കിയിട്ടുണ്ട്.റിവൈസ്ഡ് എസ്റ്റിമേറ്റ്, സപ്ലിമെന്ററി കരാർ റിവൈസ്ഡ് പ്രോജക്ട് എന്നിങ്ങനെ വിവിധ കാരണങ്ങളാൽ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടു പോയതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ ഭരണ സമിതിയുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ ഉള്ളതായി കണ്ടില്ല. കോസ്റ്റ്ഫോർഡ് എടുക്കുന്ന നടപടിക്രമങ്ങൾ പഞ്ചായത്ത് കമ്മിറ്റി അംഗികരിച്ചതായുള്ള തീരുമാനങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കരാർ കാലവധി 5 മാസമുള്ള മേൽ പ്രോജക്ടിന്റെ ഫൈനൽ ബില്ല് നൽകിയത് 26.3.2022 ലാണ്. ആയത് പ്രകാരം മേൽ പ്രവൃത്തിയ്ക്ക് നാളിതുവരെയായി 2106120/ - ചെലവായതായി ഓഡിറ്റ് എൻക്വയറി നം.16/16.6.2022നുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണ പൂർത്തീകരണത്തിൽ കരാർ ഏജൻസിയായ കോസ്റ്റ്ഫോർഡിന്റെ തികഞ്ഞ അലംഭാവം ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞു. കരാർ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ഏജൻസിക്കെതിരെ നടപടി സ്വീകരിക്കാതിരുന്നതും കാലകാലങ്ങളിലുള്ള ഭരണ സമിതിയുടെ വീഴ്ചയായി ഓഡിറ്റ് കാണുന്നു.സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിന് കരാർ ഏജൻസിക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-38 ലീഗൽ ചാർജ്ജസ്- സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തൻ വർഷത്തിൽ വിവിധ കേസുകളിലായി വക്കീൽ ഫീസ് നൽകിയ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി കാണുന്നില്ല. കോടതി വ്യവഹാരങ്ങളെ സംമ്പന്ധിച്ച സുപ്രധാന രേഖയായതിനാൽ കേസിന്റെ സീരിയൽ നമ്പർ, ഫയൽനമ്പർ, സ്യൂട്ട് നമ്പർ, കോടതി, അഡ്വക്കറ്റിന്റെ വിവരങ്ങൾ, കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ, ആദായ നികുതി വിവരങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ മുതലായവ രേഖപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-39 തൊഴിലുറപ്പ് പദ്ധതി

2019-20വർഷത്തിൽ ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ആകെ വരവ് -	23942042
ആകെ ചെലവ് -	23942042
നീക്കിയിരുപ്പ് -	0
തൊഴിൽ ലഭ്യമാക്കിയ കുടുംബങ്ങളുടെ എണ്ണം	777
നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങൾ	403
വിഭാവനം ചെയ്ത പദ്ധതികൾ	194
പൂർത്തിയാക്കിയ പദ്ധതികൾ	192
വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം	3286
സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ	62553

ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ 99% പൂർത്തിയാക്കിയിട്ടുള്ളതായും, മൊത്തം അടങ്കൽ തുകയുടെ 99% ചെലവഴിച്ചതായും കാണുന്നു. തൊഴിൽ ലഭ്യമാക്കിയ 777 കുടുംബങ്ങളിൽ നൂറ് ദിനം പൂർത്തിയാക്കിയത് കേവലം 403 കുടുംബങ്ങൾ മാത്രമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

വരും വർഷങ്ങളിൽ കൂടുതൽ വൈവിദ്ധ്യമുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-40 ജല സുരക്ഷ - കിണർ റീചാർജ്ജ് -തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്തണം .

കനാലുകളുടേയും, മറ്റ് ജലാശയങ്ങളുടേയും സാമീപ്യത്താൽ ജല സമൃദ്ധമാണെങ്കിലും വേലിയേറ്റ ഫലമായി ഉപ്പുവെള്ളം കലരുന്നത് മൂലം, ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം

അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജ് ചെയ്യുകയാണെന്നതാണ് ജലസുരക്ഷ സംമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവർത്തികൾ ഉൾപ്പെടുത്താവുന്നതാണ്, എന്നാൽ 2019-20 വർഷത്തിൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിരിക്കുന്ന പ്രവൃത്തികളിൽ ടി പ്രവൃത്തികൾ ഈയിനത്തിൽ നടപ്പാക്കി കാണുന്നില്ല ടി കാര്യത്തെപ്പറ്റി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6, തിയ്യതി 15-06-22) ലഭ്യമാക്കിയ മറുപടി പ്രകാരം കിണർ റീചാർജ്ജ് പ്രവൃത്തികൾ നടത്തിയിട്ടില്ലെന്നാണറിയിച്ചിട്ടുള്ളത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ 7.1 ബി. 3,4 പ്രകാരം എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം, കൂടാതെ ജലവിതരണ പ്രവർത്തനങ്ങളേക്കാൾ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്. റീചാർജ്ജ് ആവശ്യമായ കിണറുകൾ സമഗ്രമായ സർവ്വേയും മറ്റും നടത്തി കണ്ടെത്തേണ്ടതും ഗ്രാമസഭകളിലും ആവശ്യമെങ്കിൽ പ്രത്യേക ജലഗ്രാമസഭകളും മറ്റും നടത്തി ബോധവൽക്കരണം നടത്തേണ്ടതും വരും വർഷങ്ങളിൽ ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തിക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിന് പ്രാധാന്യം നൽകേണ്ടതാണ്. അതുവഴി കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്തേണ്ടതുമാണ്.

1-41 ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46 -ബി-2732 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2) ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലല്ല.തന്മൂലം പ്രതിമാസ സംഗ്രഹത്തിൽ ഇന്ധന നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് യുക്തിസഹമല്ല. ഉദാ. 30/4/19ന് 97 ലിറ്റർ,31/5/19ന് 116 ലിറ്റർ,30/6/19ന് 113 ലിറ്റർ ,വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ കവിഞ്ഞ നീക്കിയിരുപ്പ് അസാദ്ധ്യമാണ്.

3) ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

4)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതിയിട്ടുള്ളത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല, പ്രതിമാസ സംഗ്രഹം എല്ലാ മാസവും എഴുതുന്നില്ല.

5) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-42 എ.ബി.സി.പ്രോഗ്രാമിന് തുക കൈമാറൽ-പദ്ധതി പൂർത്തീകരിച്ചില്ല

പദ്ധതി നം.S0128/19

തീ.09.08.2019

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി പ്രകാരം തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി 210000രൂപ ജില്ലാ കുടുംബ ശ്രീ മിഷന് കൈമാറി(ബിൽ നം.13 തീ.13.08.2019).100 നായ്ക്കളെ വന്ധീകരിക്കുന്നതിനാണ് തുക കൈമാറിയത്.എന്നാൽ 25.11.2020 ലെ 1199/സി/19/കെഎസ്/ടിഎസ്ആർ നം.വിനിയോഗ സാക്ഷ്യപത്രം പ്രകാരം 56 നായ്ക്കളെമാത്രമാണ് വന്ധീകരിച്ചത്.2021-22 വർഷം 54 നായ്ക്കളെ കൂടി വന്ധീകരിച്ചിട്ടുണ്ടെന്നും ആകെ 176400/-രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 17.12.2021 മുതൽ ഹൈക്കോടതി സ്റ്റേ ഓർഡർ ഉള്ളതിനാൽ പദ്ധതി താല്ക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്നും ഓഡിറ്റ് എൻക്വയറിക്ക്(നം.8/തീ.15.06.2022) മറുപടി നൽകിയിട്ടുണ്ട്. 2019-20 ലെ പദ്ധതി നാളിതു വരെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ബാക്കി തുക തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-43 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണി -കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നം.S0016/19

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവ്:52720 രൂപ

പദ്ധതി പ്രകാരം താഴെ പറയുന്ന ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപണിക്കായാണ് കരാറിലേർപ്പെട്ടത്.

ഫോട്ടോസ്റ്റാറ്റ് മെഷീൻ-1

കമ്പ്യൂട്ടർ-5

മോണിറ്റർ-5

പ്രിന്റർ-5

5 KV യു.പി.എസ്-1

സെർവർ-1

ഫോട്ടോസ്റ്റാറ്റ് മെഷീന്റെ അറ്റകുറ്റപണിക്കായി M/s കാർബൺ ഓഫീസ് ഓട്ടോമാഷൻ എന്ന എന്ന സ്ഥാപനവുമായും മറ്റ് ഉപകരണങ്ങളുടേതിന് കെൽട്രോണുമായും കരാറിലേർപ്പെട്ടു.കരാർ തുകകൾ യഥാക്രമം 18500 രൂപ,34220 രൂപ(ബിൽ നം.107/27.11.19).21.11.2019 മുതൽ 20.11.2019 വരെയായിരുന്നു കരാർ കാലാവധി.

M/s കാർബൺ ഓഫീസ് ഓട്ടോമാഷനുമായുള്ള കരാറിലെ ഒന്നാം വ്യവസ്ഥ പ്രകാരം കരാർ കാലയളവിൽ 30000 കോപ്പികൾക്ക് ആവശ്യമായ ടോണർ ,ഡ്രം ,ക്ലീനിംഗ് ബ്ലേഡ് എന്നിവ വിതരണം ചെയ്യുന്നതാണ്.കെൽട്രോണുമായുള്ള കരാറിലെ 2.14വ്യവസ്ഥ പ്രകാരം കരാർ കാലയളവിൽ 4 തവണ സർവ്വീസിംഗ്,റിപ്പയറിംഗ് എന്നിവ പൂർത്തിയാക്കേണ്ടതുണ്ട്.മേൽ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നതിനുള്ള രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/തീ.16.06.2022) നൽകിയതിനു ശേഷം ടെക്നിക്കൽ അസിസ്റ്റന്റിന്റെ കൈവശമുള്ള സ്റ്റോക്ക് റജിസ്റ്ററിൽ സർവ്വീസിംഗ്,റിപ്പയറിംഗ് വിവരങ്ങൾ രേഖപ്പെടുത്തുകയും കരാർ വ്യവസ്ഥ പ്രകാരമുള്ള സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.സ്റ്റോക്ക് റജിസ്റ്റർ കൃത്യമായി പരിപാലിക്കുകയും സാമഗ്രികൾ വിതരണം ചെയ്തതിന് കരാറിലേർപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള രേഖകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-44 ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിലൂടെ വിതരണം ചെയ്യുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി (നം.10/16.06.2022)ക്ക് ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-45 ക്യാഷ്ബുക്ക് നീക്കിയിരിപ്പ് ഡേ ബുക്കിലെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു

15.06.2022 തീയതിയിൽ 3.30 PM ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ 23200/- രൂപ ക്യാഷ് ബാലൻസ് ഡേ ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ ക്യാഷ് ബുക്കിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത സമയത്തെ ക്യാഷ് ബുക്ക് പ്രകാരം ₹36,65,843/-രൂപയുടെ നീക്കിബാക്കിയുള്ളതായി കണ്ടു.
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നം.25/15.06.2022) മറുപടി താഴെ കൊടുക്കുന്നു.
" 2021-22 വർഷത്തെ AFS തയ്യാറാക്കി അയയ്ക്കുന്നതിന്റെ ഭാഗമായി ILGMS സോഫ്റ്റ്‌വെയറിലേക്ക് പദ്ധതിച്ചെലവുകൾ കൊണ്ടുവരുന്നതിനായുള്ള Plan Voucher Option, 2022 ഏപ്രിൽ മാസം മുതലാണ് ലഭ്യമായത്. ഇത് ചെയ്യുന്നതിന്റെ ഭാഗമായി പ്ലാൻ വൗച്ചർ ജനറേറ്റ് ചെയ്ത് തുടങ്ങിയപ്പോൾ 2021 സെപ്റ്റംബർ മാസം മുതൽ പദ്ധതിച്ചെലവുകൾ ഒരു എൻട്രിക്ക് പകരം കൂടുതൽ എൻട്രികൾ വരികയും ക്യാഷ് ബുക്ക് തെറ്റുകയുമുണ്ടായി . പ്രസ്തുത വിഷയം സംബന്ധിച്ച് IKM ൽ കംപ്ലയിന്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട് (R.No.51483 Dated 08.06.2022) എങ്കിലും നാളിതു വരെ Solution ലഭ്യമായിട്ടില്ല. ആയതു കൊണ്ട് മാത്രമാണ് ഡേ ബുക്ക്, ക്യാഷ് ബുക്കുമായി പൊരുത്തപ്പെടാത്തത്."
2020-21 സാമ്പത്തികവർഷത്തെ ഓഡിറ്റിന് മുമ്പായി ക്യാഷ് ബുക്കിലെ അപാകതകൾ പരിഹരിക്കപ്പെടുമെന്നും ആയത് കൃത്യമാക്കി ഹാജരാക്കാമെന്നും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

03.07.2022ന് കെ.എസ്.എ.ടി.എസ്.ആർ (പി4)1000/2022 നമ്പർ പ്രത്യേക കത്തു മുഖേന ഇക്കാര്യം തൃശ്ശൂർ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിനെയും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെയും അറിയിച്ചിട്ടുള്ളതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	1,50,000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്(SC)	1,13,565	36,435
		3,77,000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (GEN)	3,74,000	3,000
		10,98,830	ലൈഫ് ഭവന നിർമ്മാണ പദ്ധതി ജനറൽ	0	10,98,830
		1,50,000	ക്ഷീര വികസനം	1,50,000	0
		395816	പോഷകാഹാരം	3,50,000	45816
ജില്ലാ പഞ്ചായത്ത്	2019-20	1,00,000	പാലിയേറ്റീവ് കെയർ (16/20)	29,750	70,250

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 സ്ഥിര നിക്ഷേപം

1.	വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം	162501	
2	തൻവർഷംനിക്ഷേപിച്ചതുക	0	
3	ആകെ	162501	
4	തന്നാണ്ടിൽപിൻവലിച്ചതുക	0	
5	വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപം	162501	
6	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം (ടി തുക എൻഡോവ്മെന്റ് ഇനത്തിൽ ബാലൻസ് ഷാറ്റ് ഷെഡ്യൂൾ B2 ൽ ഉൾപ്പെടുന്നു)	നിക്ഷേപത്തിന്റെവിവരം 1.പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നതിന് പഴേടത്ത് രാധാകൃഷ്ണൻ സ്മാരകം വക. 2.പാവപ്പെട്ട വൃക്ക രോഗികൾക്ക് ധനസഹായം നൽകുന്നതിന് പല്ലവി ചന്ദ്രിക സ്മാരകം വക. 3.പാവപ്പെട്ട വാത രോഗികൾക്ക് ധനസഹായം	തുക 62501 50000 50000

		നൽകുന്നതിന് കളത്തിൽ കൗസല്ല്യ സ്മാരകം വക.	
			162501

4-5 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശം	വായ്പ തുക	വായ്പയുടെ തുക വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ഹഡ്കോ വായ്പ്പ	1400000	1243540	367647		3135893
ഹഡ്കോ വായ്പ്പ	600000				
ഹഡ്കോ വായ്പ്പ	260000				
ആകെ	2260000	1243540	367647		3135893

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം / തിയതി
2013-14	3.1	8604	ഡയറക്ടർ കോസ്റ്റ് ഫോർഡ് അയ്യന്തേൾ	119140500002 Dt 07/08/2019
2016-17	2.3(2)	44454	രാജേഷ് നായരുശ്ശേരി	119140103405 Dt 30/09/2019

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ്അ മേൽ ചേർത്തിട്ടുള്ളത്.

4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2004-05	3.11	2007-08	3.48.1	അംഗൻവാടി നിർമ്മാണം	നിലനില്ക്കുന്നു
2005-06	3.4	2009-10	2.9	അംഗൻവാടി നിർമ്മാണം	നിലനില്ക്കുന്നു
2006-07	3.3	2009-10	2.9	റോഡ് നിർമ്മാണം	നിലനില്ക്കുന്നു
2012-13	2-1	2012-13		തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	2007-08 മുതൽ 2011-12 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിന്റെ 50%ത്തിലധികം തുക ചെലവഴിച്ചിട്ടുള്ളതായും എം.പി., എം.എൽ.എ ഗുണഭോക്തൃവിഹിതം മുതലായവ പദ്ധതിയുടെ

					ഭാഗമാക്കിയിട്ടുള്ളതായും ചെലവിൽ ആനുപാതിക വർദ്ധനവ് ഉണ്ടായിട്ടുള്ളതായും മറുപടി സമർപ്പിച്ചിട്ടുണ്ട്.
2012-13	2-2	2012-13		പദ്ധതി വിഹിതത്തിന്റെ വിഭജനം	ബജറ്റ് വിഹിതത്തിന് അനുസൃതമായ തുകയാണ് ലഭ്യമായിട്ടുള്ളതെന്ന് മറുപടി സമർപ്പിച്ചു.
2012-13	2.3	2012-13		പദ്ധതി വിഹിതത്തിന്റെ വിനിയോഗം	എസ്.സി.പി വിഹിതമായി അനുവദിയ്ക്കപ്പെട്ട തുകയുടെ 80 ശതമാനത്തിന് മുകളിൽ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.
2012-13	2.5	2012-13		നഗരസഭകളും പരസ്യനികുതിയും	മുൻവർഷങ്ങളിൽ പരസ്യനികുതി ഈടാക്കിയിട്ടില്ല. 2018 ൽ ജി.എസ്.ടി നടപ്പിൽ വന്നതോടെ പരസ്യനികുതി പിരിക്കുവാൻ പാടില്ലെന്ന് ജി.എസ്.ടി. കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളതായും മറുപടി സമർപ്പിച്ചു.
2012-13	2.6	2012-13		ലൈബ്രറികളുടേയും സാംസ്കാരിക നിലയങ്ങളുടേയും നടത്തിപ്പ്.	ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ലൈബ്രറിയിലേയ്ക്ക് ആവശ്യമായ ഫർണ്ണീച്ചറുകളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതായും ലൈബ്രറിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പുസ്തകം വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ടെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.
2012-13	2.7	2012-13		തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധി.	പ്രസിഡണ്ട്, സെക്രട്ടറി എന്നവരുടെ ഉടമസ്ഥതയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതും ആയതിലെ വരവ് -ചെലവുകൾ രേഖപ്പെടുത്തുന്നതിന്

					പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നതായും മറുപടി സമർപ്പിച്ചിട്ടുണ്ട്.
2012-13	2.8	2012-13		തുടർ സാക്ഷരതാ പരിപാടി.	തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന സാക്ഷരതാ പ്രേരകിന് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ റൂം അനുവദിച്ചിട്ടുള്ളതായും ആയതിലേയ്ക്ക് ഫർണ്ണീച്ചറുകളും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ളതായും ടി പ്രേരകിന്റെ നേതൃത്വത്തിൽ 4,7,10, പ്ലസ്ടു ക്ലാസ്സുകളിലേയ്ക്ക് തുല്യതാ പരീക്ഷ നടത്തിവരുന്നതായും തുടർ വിദ്യാഭ്യാസ പദ്ധതിയ്ക്കായി ഓരോ വർഷവും പ്ലാൻ ഫണ്ടിൽ നിന്നും തുക മാറ്റിവച്ചുപോരുന്നതായും മറുപടി സമർപ്പിച്ചിട്ടുണ്ട്.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	42992152
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	43166924
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	397800

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-35	397800	ഹെഡ്മിസ്ട്രസ്സ്

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	സ്ഥിരമേൽവിലാസം
സുമ യു.വി ഹെഡ് മിസ്ട്രസ്സ്	പുല്ലുവീട്ടിൽ ഹൗസ്,ഏങ്ങണ്ടിയൂർ പി.ഒ ,തൃശ്ശൂർ.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1989-90	എൽ.എഫ്.ടി.11-122/95/ തിയ്യതി 4.10.98
1990-91	എൽ.എഫ്.ടി. (എസ്. 2) 1316/11/തിയ്യതി 14.7.11
1991-92	
92-93, 93-94	
96-97	എൽ.എഫ്.ടി. 11-316/98/തിയ്യതി 4.6.98
97-9	എൽ.എഫ്.ടി.13-1866/99/ തിയ്യതി 3.7.2000
98-99	എൽ.എഫ്.ടി. 11- 287/01/ തിയ്യതി 18.5.01
99-2000, 2000-01, 01-02 പദ്ധതി വിഹിതം	എൽ.എഫ്.ടി. 13- 1369/03/ തിയ്യതി 16.4.04
2003-04	എൽ.എഫ്.ടി.13-96/06
04-05	എൽ.എഫ്.ടി.13-280/07/ തിയ്യതി 2.6.07
05-06	എൽ.എഫ്.ടി. 13- 2200/08/ തിയ്യതി 7.12.09
06-07	എൽ.എഫ്.ടി. 13- 2201/08/തിയ്യതി 7.6.11
07-08	എൽ.എഫ്.ടി.പി. 4- 2148/11 തിയ്യതി 29.11.11/5.3.12
08-09	എൽ.എഫ്.ടി.പി. 4- 2149/11 തിയ്യതി 7.1.12/18.5.12
09-10, 10-11	എൽ.എഫ്.ടി.പി. 4- 2398/12 തിയ്യതി 8.3.13/11.7.13
11-12	എൽ.എഫ്.ടി.പി. 4- 1433/13 തിയ്യതി18.2.14/1.4.14
12-13	എൽ.എഫ്.ടി.പി. 8- 1767/14 തിയ്യതി 10.2.15
2013-14	കെ.എസ്.എ.ടി.എസ്.ആർപി3-192/16 തിയ്യതി 9/2/16/ 17.3.16
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി.8)1277/16, തിയ്യതി 29.07.2016
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി8)2060/16 തിയ്യതി 05/12/16/ 21.1.17
2016-17	കെ.എസ്.എ.ടി.എസ്.ആർ.(പി8)1056/17 തീയതി 25-07-2017
2017-18	നം.കെ.എസ്.എ.ടി.എസ്.ആർ /135/2019 തീയതി 06/03/19
2018-19	കെ.എസ്.എ.ടി.എസ്.ആർ.(പി.8)353/2020 തീയതി 19.05.2020

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എങ്ങാണ്ടിയൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്